**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1595** **11-09-2023 - ൽ മറുപടിയ്ക്ക്**

**അരൂർ മണ്ഡലത്തിലെ പട്ടയ വിതരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി ദെലീമ | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | പൂച്ചാക്കൽ സബ്ട്രഷറിക്കായി കണ്ടെത്തിയ അരൂർ മണ്ഡലത്തിലെ പാണാവള്ളി പഞ്ചായത്ത് പത്താം വാർഡിൽ പൂച്ചാക്കൽ പോലീസ് സ്റ്റേഷന് സമീപമുള്ള പുറംപോക്ക് ഭൂമി അളന്ന് തിട്ടപ്പെടുത്തണമെന്നുള്ള അപേക്ഷയിൽ സ്വീകരിച്ച നടപടി വിശദമാക്കാമോ; | (എ) | പൂച്ചാക്കൽ സബ് ട്രഷറി നിർമ്മാണത്തിനായി കണ്ടെത്തിയ പാണാവള്ളി വില്ലേജിലെ സർവ്വെ നം. 61/1 ൽ പ്പെട്ട ഭൂമി സർവ്വെയർ അളന്ന് തിരിച്ചിട്ടുള്ളതും നാല് കൈയ്യേറ്റങ്ങൾ കണ്ടെത്തിയിട്ടുള്ളതുമാണ്. പി.ഡബ്ല്യു.ഡി.റോഡ് വിഭാഗം കൈയ്യേറ്റം ഒഴിപ്പിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. കയ്യേറ്റവുമായി ബന്ധപ്പെട്ട് വിജയകമാരി മുതൽപേർ ഫയൽ ചെയ്ത WP(C) 19722/23 നമ്പർ കേസ് നിലവിലുണ്ട്. |
| (ബി) | പ്രസ്തുത പ്രദേശത്തെ എത്ര പേർക്ക് പട്ടയം വിതരണം ചെയ്തിട്ടുണ്ടെന്ന് വിശദമാക്കാമോ; | (ബി) | സർവ്വെ നമ്പർ 61/1ൽ പ്പെട്ട വസ്തുവിൽ നിന്നും എൽ എ 5/66 (കെ.എൻ.രവി, കാരിച്ചാൽ, വെളിയിൽ), എൽ എ 22/71(ഗോപാലകൃഷ്ണനുണ്ണി, കണ്ണംകുളങ്ങര മഠം), എൽ എ 45/80 (കെ എൻ നാരായണപിള്ള, അരുന്ധതി മന്ദിരം), എൽ എ 11/73 (രവീന്ദ്രൻപിള്ള, കേശവസദനം) എന്നിവർക്കാണ് പട്ടയം വിതരണം ചെയ്തിട്ടുള്ളത്. |
| (സി) | പ്രസ്തുത പ്രദേശത്ത് വിതരണം ചെയ്ത പട്ടയത്തിന്റെ രേഖകൾ വിശദമാക്കാമോ; | (സി) | സർവ്വെ നമ്പർ 61/1ൽ പ്പെട്ട വസ്തുവിൽ നിന്നും എൽ എ 5/66 (കെ.എൻ.രവി, കാരിച്ചാൽ, വെളിയിൽ), എൽ എ 22/71(ഗോപാലകൃഷ്ണനുണ്ണി, കണ്ണംകുളങ്ങര മഠം), എൽ എ 45/80 (കെ എൻ നാരായണപിള്ള, അരുന്ധതി മന്ദിരം), എൽ എ 11/73 (രവീന്ദ്രൻപിള്ള, കേശവസദനം) എന്നിവർക്കാണ് പട്ടയം വിതരണം ചെയ്തിട്ടുള്ളത്. |
| (ഡി) | പ്രസ്തുത പ്രദേശത്ത് ആരെങ്കിലും അനധികൃതമായി പട്ടയം ഉണ്ടാക്കി സർക്കാർ ഭൂമി സ്വന്തമാക്കിയിട്ടുണ്ടോയെന്ന് വിശദമാക്കാമോ; | (ഡി) | ടി സർവ്വെയിലെ ഭൂമിയ്ക്ക് അനധികൃതമായി ആധാരം ചമച്ച് കൈവശം വച്ചതിന് ശേഷം കൈമാറ്റം ചെയ്ത 2 വ്യക്തികൾക്കെതിരെ കേരള ഭൂസംരക്ഷണ നിയമപ്രകാരം നടപടി സ്വീകരിച്ച് വരുന്നു. |
| (ഇ) | പ്രസ്തുത പ്രദേശത്ത് റീ സർവേ നടത്തി സ്വകാര്യ വ്യക്തികൾ കൈവശം വച്ചിരിക്കുന്ന സർക്കാർ ഭൂമി തിരിച്ച് പിടിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ? | (ഇ) | പാണാവള്ളി വില്ലേജിൽ റീസർവ്വേ നടന്നിട്ടില്ലാത്തതാണ്. സംസ്ഥാനത്ത് ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്ന ഡിജിറ്റൽ റീ സർവ്വേയുടെ ഭാഗമായി ആരെങ്കിലും സർക്കാർ ഭൂമി കൈവശം |

| | | | |
|---|---|---|---|
| | | | വച്ചിരിക്കുന്നതായി തെളിയുന്ന പക്ഷം സർക്കാർ ഭൂമി തിരിച്ചു പിടിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതായിരിക്കും. |

സെക്ഷൻ ഓഫീസർ